പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.4620 04.02.2014 – ൽ മറുപടിക്ക്

## ആലപ്പുഴ – കൊല്ലം നാഷണൽ ഹൈവേ ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ -കൊല്ലം നാഷണൽ ഹൈവേ ബൈപ്പാസ് റോഡിനെ പ്രത്യേക പാക്കേജായി പരിഗണിച്ച് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തുതുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാത 47 – ലെ ചേർത്തല മുതൽ സംസ്ഥാന അതിർത്തി വരെയുള്ള ഭാഗം എൻ. എച്ച്. ഡി. പി. ഫേസ് 4 – ൽ ഉൾപ്പെടുത്തി 3 പാക്കേജായി (ചേർത്തല – ഓച്ചിറ, ഓച്ചിറ – കഴക്കൂട്ടം, കഴക്കൂട്ടം - സംസ്ഥാന അതിർത്തി) വികസിപ്പിക്കുവാനാണ് ദേശീയപാത അതോറിറ്റി തീരുമാനിച്ചിരിക്കുന്നത്. ഇതിൽ കൊല്ലം, ആലപ്പുഴ ബൈപ്പാസും ഉൾപ്പെട്ടിരുന്നു . എന്നാൽ കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾക്കായി പ്രത്യേക പാക്കേജ് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ അനുവദിച്ചിരുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതി, വാഗ്ദാനത്തിൽ ഒതുങ്ങാനിടയായത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) | കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ മാത്രമായി ഏറ്റെടുത്ത് വികസിപ്പിക്കുവാനുള്ള വാഗ്ദാനം ഉണ്ടായിരുന്നില്ല. |

| | |
|---|---|
| (സി) മറ്റു സംസ്ഥാനങ്ങളിൽ ദേശീയ പാതയുടെയും ബൈപ്പാസിന്റേയും നിർമ്മാണച്ചുമതല കേന്ദ്ര സർക്കാർ ഏറ്റെടുക്കുമ്പോൾ കേരളത്തിൽ ഇത്തരം പദ്ധതികളുടെ അൻപതു ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെടുന്നതിനുള്ള ന്യായീകരണം എന്താണ്; വിശദമാക്കുമോ?; | (സി) കൊല്ലം, ആലപ്പുഴ പട്ടണങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നിർദ്ദിഷ്ട ബൈപ്പാസുകൾ പ്രത്യേക പാക്കേജായി നിർമ്മിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് അഭ്യർത്ഥിച്ചു. എന്നാൽ ഇത്തരത്തിൽ ചെറിയ പാക്കേജ് നടപ്പാക്കുന്നതിന് എൻ.എച്ച്.-എ.ഐ. ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്നാണ് കേന്ദ്രവും സംസ്ഥാനവും 50% വിഹിതത്തോടെ ഈ റോഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചത്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തു. ആലപ്പുഴ, കൊല്ലം പട്ടണങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള അടിയന്തിര പരിഹാരം എന്ന നിലയിലാണ് ഈ ബൈപ്പാസുകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാൻ ചെലവിന്റെ 50% സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചത്. സംസ്ഥാന സർക്കാർ മുടക്കുന്ന തുകയ്ക്ക് ടോൾ ഈടാക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. NHAI മുടക്കുന്ന തുകയ്ക്ക് ടോൾ പിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ